പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 329 — 05-03-2012 -ൽ മറുപടിക്ക്.

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.പി. വിൻസെന്റ്.<br>ശ്രീ. എം.എ. വാഹീദ്.<br>ശ്രീ. കെ. ശിവദാസൻ നായർ. | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പമെന്റ് ഫൈനാൻസ് കോർപ്പറേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും ഉള്ള പദ്ധതികൾക്ക് ധനസഹായം നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാനത്ത് ഭവനനിർമ്മാണത്തിൽ ഏർപ്പെടുന്ന വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും, സ്വകാര്യ സംരംഭകർക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവനവായ്പ നൽകുന്നതിനു ഈ കോർപ്പറേഷനിലൂടെ കഴിയുന്നതാണ്. |
| (സി) | ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ, പ്രവാസി ഇന്ത്യാക്കാർ എന്നിവരിൽ നിന്നും നിർമ്മാണമേഖലയ്ക്ക് മതിയായ ധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കോർപ്പറേഷൻ രൂപീകൃതമായശേഷം ധനസമാഹരണത്തിനായി ഇവരെ സമീപിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ